പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1663 25.03.2013 ൽ മറുപടിക്ക്

ഇറ്റാലിയൻ നാവികർക്കെതിരെ സ്വീകരിച്ച നടപടി

ചോദ്യം

ശ്രീ. കെ. വി. വിജയദാസ്

(എ) മത്സ്യത്തൊഴിലാളികളെ വെടിവെച്ചുകൊന്ന ഇറ്റാലിയൻ നാവികർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(ബി) ഇവരെ ഇന്ത്യയിൽത്തന്നെ വിചാരണചെയ്യുന്നതിനായി ഈ സർക്കാർ ദീർഘവീക്ഷണത്തോടുകൂടി നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് അത്തരം നടപടി സ്വീകരിച്ചില്ലെന്നുള്ള വിവരം നൽകുമോ;

മറുപടി

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) യും (ബി) യും വെടിവെപ്പുമായി ബന്ധപ്പെട്ട് ഇന്ത്യൻ ശിക്ഷാനിയമം 302-ാം വകുപ്പു പ്രകാരം ക്രൈംനമ്പർ 2/2012 ആയി കൊല്ലം ജില്ലയിലെ നീണ്ടകര കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. ദക്ഷിണമേഖലാ പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ മേൽ നോട്ടത്തിൽ കൊച്ചി സിറ്റി ജില്ലാ പോലീസ് മേധാവിയായിരുന്ന ശ്രീ. എം.ആർ. അജിത്കുമാർ ഐ.പി.എസ്. ന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം സംഭവത്തെക്കുറിച്ച് ഊർജ്ജിതമായി അന്വേഷണം നടത്തി. സംഭവ സമയത്ത് ഇറ്റാലിയൻ കപ്പലിന്റെ സുരക്ഷാചുമതല നിർവ്വഹിച്ചിരുന്നവരും വെടിവെപ്പ് നടത്തിയവരെന്ന് കരുതുന്നവരുമായ Massimilano Latorre. Salvatore Girone എന്നീ ഇറ്റാലിയൻ നേവി ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്തു. സംഭവത്തിലുൾപ്പെട്ട ഇറ്റാലിയൻ കപ്പൽ പരിശോധിച്ച് വെടിവെപ്പ് നടത്തുന്നതിന് ഉപയോഗിച്ചെന്ന് കരുതുന്ന ആയുധങ്ങൾ പിടിച്ചെടുത്ത് വിദഗ്ധപരിശോധനകൾ നടത്തി റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചു. നിർദ്ദിഷ്ട 90

| | | | |
|---|---|---|---|
| | | | ദിവസത്തെ സമയപരിധിക്കുള്ളിൽ കുറ്റപത്രം തയ്യാറാക്കി കോടതിയിൽ സമർപ്പിച്ചു. സംഭവവുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ പരിഗണനക്കുവന്ന കേസുകളിൽ നാവികർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ സംസ്ഥാനത്തിന് പൂർണ്ണ അധികാരമുണ്ടെന്ന നിലപാട് സ്വീകരിച്ചു. സംഭവത്തിൽ ഉൾപ്പെട്ട നാവികരെ ഇന്ത്യൻ ശിക്ഷാനിയമപ്രകാരം വിചാരണ ചെയ്യുന്നതിന് പൂർണ്ണമായ അധികാരം ഉണ്ടെന്ന അചഞ്ചലമായ നിലപാടാണ് കോടതിയിൽ സർക്കാർ സ്വീകരിച്ചത്. |
| (സി) | അനാഥമായ പ്രസ്തുത മത്സ്യത്തൊഴിലാളി കുടുംബത്തിന് എന്തെല്ലാം ആനുകൂല്യങ്ങൾ കേരള സർക്കാർ ഇതുവരെ നൽകിയെന്നുള്ള വിശദവിവരം നൽകുമോ? | (സി) | കൊല്ലപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5 ലക്ഷം രൂപ വീതം സഹായധനം നൽകി. കൂടാതെ കൊല്ലപ്പെട്ട ജെലസ്റ്റിന്റെ വിധവ ശ്രീമതി ഡോറയ്ക്ക് മത്സ്യബന്ധനവകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സർവന്റായി നിയമനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ